**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2635      06.11.2019-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ ശിശുമരണകാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | എ) | അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മുഖേന ഒരു പഠനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |
| ബി) | അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അവ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ? | ബി) | അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്ന പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.<br><br>• ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. |

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺ കുട്ടികൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസിക രോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

| | | | |
|---|---|---|---|
| | | | പോഷകാഹാരകുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.<br><br>ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.<br><br>➢ അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 5 (2019) എണ്ണമായി കുറഞ്ഞിട്ടുണ്ട്.<br>➢ അബോർഷൻ കേസുകൾ 77 (2013) എന്നത് 16 (2019) ആയി കുറഞ്ഞിട്ടുണ്ട്.<br>➢ ഹോം ഡെലിവറി 64 (2013)ൽ നിന്ന് 1 (2019) ആയി കുറഞ്ഞിട്ടുണ്ട്.<br>➢ ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 2 (2019) ആയി കുറഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**